## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 676** **01.12.2015-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനം**

**ചോദ്യം**
**ശ്രീ.കെ.രാധാകൃഷ്ണൻ**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഓരോ ഇനത്തിലും എത്ര തുക ചിലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.<br>അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി, ഹാംലെറ്റ് വികസന പദ്ധതി, മോഡൽ കോളനി വികസന പദ്ധതി, പി.വി.റ്റി.ജി പദ്ധതി എന്നിവയാണ് പ്രസ്തുത പദ്ധതികൾ. ടി പദ്ധതികളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും എത്ര കോളനികളിൽ വികസന പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | ബി) | **അഡീഷണൽ ട്രൈബൽ സബ്പ്ലാൻ**<br>2014-15 സാമ്പത്തിക വർഷത്തിൽ അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സ്ഥായിയായ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി 150 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭിച്ചതിൽ തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ പഞ്ചായത്ത്, ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക്, പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്ക്, ചിറ്റൂർ |

| | | | |
|---|---|---|---|
| | | | താലൂക്ക്, വയനാട് ജില്ലയിലെ മൂപ്പൈനാട്, മേപ്പാടി, നൂൽപ്പുഴ, പുൽപ്പള്ളി, പനമരം, തിരുനെല്ലി എന്നീ പഞ്ചായത്തുകളിലും കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്കിലും, കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്കിലും, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിലും ഉൾപ്പെടെ പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക് പഞ്ചായത്തുകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 135.75 കോടി രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ജില്ലകൾക്ക് അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.<br>2015-16 വർഷത്തിൽ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്.<br>**മോഡൽ കോളനി**<br>പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി സംസ്ഥാനത്തെ 3 കോളനികളെ മോഡൽ കോളനി നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇവയിൽ വയനാട് ജില്ലയിൽപ്പെട്ട കുഞ്ഞോം മോഡൽ കോളനിയിലെ 25 വീടുകളുടെയും പണി പൂർത്തിയാക്കി 20.08.2015-ന് ഉദ്ഘാടനം നടത്തിയിരുന്നു. നെല്ലറച്ചാൽ മോഡൽ കോളനിയിലെ 20 വീടുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ കുരിയോട്ടുമലയിൽ ഭവനനിർമ്മാണം അവസാന ഘട്ടത്തിലാണ്. |
| സി) | ഇപ്രകാരം ചെലവഴിച്ച തുക യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിച്ചേർന്നിട്ടില്ലെന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഇല്ല. |

| | | | |
|---|---|---|---|
| ഡി) | എങ്കിൽ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക വേണ്ടി ഇതുവരെ ചെലവഴിച്ച തുക പ്രസ്തുത വിഭാഗത്തിന ലഭിച്ചുവെന്നുറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | ഡി) | പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ, കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ച് പട്ടികവർഗ്ഗ ജനതയെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും, അവരുടെ ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും പദ്ധതി നിർവ്വഹണത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br>പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരമാവധി പ്രയോജനം പട്ടികവർഗ്ഗക്കാർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. പട്ടികവർഗ്ഗക്ഷേമകാര്യങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തി മുഴുവൻ തുകയും ചെലവഴിക്കുന്നതിന് വകുപ്പ് അതീവ ജാഗ്രത പാലിക്കാറുണ്ട്. ഇതിനായി വകുപ്പദ്ധ്യക്ഷൻമാർ വകുപ്പുതല അവലോകന യോഗങ്ങൾ നടത്തി ജില്ലാതല നിയന്ത്രണ ഉദ്യോഗസ്ഥർക്ക് കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുകയും പദ്ധതി പുരോഗതി വിലയിരുത്തുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്